**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 293** | **12-03-2025 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണമേഖലയിൽ ഫാം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കൃഷി, മൃഗപരിപാലനം, മത്സ്യകൃഷി എന്നിവ ഉൾപ്പെടുത്തി സംയോജിതകൃഷി നടത്തുന്ന മൃഗസംരക്ഷണമേഖലയിലെ ഫാം ടൂറിസം സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കൃഷി, മൃഗപരിപാലനം, മത്സ്യകൃഷി പോലുള്ള മേഖലകളെല്ലാം ഉൾപ്പെടുത്തി മൃഗസംരക്ഷണ മേഖലയിലെ ഫാം ടൂറിസത്തിന് മികച്ച സാധ്യതകളുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കൊല്ലം ജില്ലയിലെ കുരിയോട്ടുമല ഹൈടെക്ക് ഡയറി ഫാമിൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ഫാം ടൂറിസം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 25.10.2021 ലെ തീരുമാനം നം.20/21-22 പ്രകാരം ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നുണ്ട്. മൃഗപരിപാലനം, പച്ചക്കറികൃഷി, മത്സ്യകൃഷി എന്നിവ സംയോജിപ്പിച്ച രീതിയിലാണ് പ്രസ്തുത ഫാം ടൂറിസം പദ്ധതി നടപ്പിലാക്കിയിരിയ്ക്കുന്നത്. |
| (ബി) | മൃഗസംരക്ഷണമേഖലയിലെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിന് ഫാം ടൂറിസം പദ്ധതി സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | മൃഗസംരക്ഷണമേഖലയിലെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിന് ഫാം ടൂറിസം പദ്ധതി സഹായകരമാണ്. സ്വാഭാവികമായി ഈ മേഖലയിൽ നിന്ന് ലഭിയ്ക്കുന്ന വരുമാനത്തിന് പുറമേ വിനോദ സഞ്ചാരികൾ, വിദ്യാർത്ഥികൾ, ടൂറിസം മേഖല എന്നിവ മുഖാന്തരവും മികച്ച വരുമാനത്തിനുള്ള സാധ്യതയാണുള്ളത്. |
| (സി) | പ്രസ്തുത പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ടൂറിസം വകുപ്പുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | നിലവിൽ മൃഗസംരക്ഷണ വകുപ്പിന്റെ കൊല്ലം ജില്ലയിലെ കുരിയോട്ടുമല ഹൈടെക്ക് ഡയറി ഫാമിൽ ജില്ലാ പഞ്ചായത്തിന് കൈമാറി നല്കിയ സ്ഥാപനം എന്ന നിലയിൽ കൊല്ലം ജില്ലാ പഞ്ചായത്തുമായി സഹകരിച്ചാണ് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കിയിരിയ്ക്കുന്നത്. ടൂറിസം വകുപ്പുമായി സഹകരിച്ച് നിലവിൽ പദ്ധതികളില്ല. |

| | | | |
|---|---|---|---|
| (ഡി) | ഫാം ടൂറിസത്തിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനുമായി ഓൺലൈൻ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | **ഫാം ടൂറിസത്തിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനുമായി നിലവിൽ ഓൺലൈൻ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല.** |

സെക്ഷൻ ഓഫീസർ